'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-27-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - വെള്ളനാട് പഞ്ചായത്ത് - സമഗ്ര ഇൻഷ്വറൻസ് പദ്ധതി (പ്രോ.നം.128/19 സ്പിൽ ഓവർ) നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.( സാധാ)നം. 597/19/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി,12.03.2019**

===

പരാമർശം: 1.വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 20.02.2019-ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗത്തിന്റെ 4.28(iii)-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ കന്നുകാലികളുടെയും ക്ഷീര കർഷകരുടെ കുടുംബങ്ങളുടെയും ഇൻഷ്വറൻസ് പരിരക്ഷ ലക്ഷ്യമിട്ട് 'സമഗ്ര ഇൻഷ്വറൻസ് പദ്ധതി (പ്രോ.നം.128/19 സ്പിൽ ഓവർ' ആവിഷ്കരിക്കുകയും ഡിപിസി അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് ക്ഷീരകർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയം തുകയ്ക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി. 5515/- രൂപ പ്രീമിയം തുകയുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് 1000/- രൂപ ക്ഷീരവികസന വകുപ്പ് സബ്സിഡി നൽകുന്നു. സബ്സിഡി കഴിച്ചുള്ള പ്രീമിയം തുക കർഷകർക്ക് നൽകുന്നതിനായാണ് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചത്. വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷ്വറൻസ് പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ ടി പദ്ധതി നടപ്പാക്കാൻ അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മുൻപാകെ അപേക്ഷിക്കുകയുണ്ടായി. ഇത്തരം പ്രോജക്ട് ക്ഷീര വികസന വകുപ്പ് മുഖേനയും നടപ്പിലാക്കുന്നുണ്ടെന്നും അനുമതി നൽകാവുന്നതാണെന്നും ക്ഷീര വികസന വകുപ്പ് ഡയറക്ടർ യോഗത്തെ അറിയച്ചതിനെത്തുടർന്ന് ഇതിന് അനുമതി നൽകാൻ 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ, ക്ഷീര വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷീര സാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിന് ക്ഷീരകർഷകർക്ക്

ഇൻഷ്വറൻസ് പ്രീമിയം തുകയ്ക്ക് ധനസഹായം നൽകുന്നതിനുള്ള 4 ലക്ഷം രൂപ അടങ്കൽ തുകയുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ എബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

To

ജില്ലാ പ്ലാനിംഗ് ഓഫീസർ, തിരുവനന്തപുരം
സെക്രട്ടറി, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**